## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3108 — 20/06/2014 -ൽ മറുപടിയ്ക്ക്

### 'നിറവ്' പദ്ധതി - മാർഗ്ഗ നിർദ്ദേശങ്ങൾ

ചോദ്യം
ശ്രീ. കെ. വി. വിജയദാസ്

മറുപടി
**ശ്രീ . കെ.പി.മോഹനൻ**
**(കൃഷിയും മൃഗസംരക്ഷണവും**
അച്ചടിയും സ്റ്റേഷനറിയും
**വകുപ്പു മന്ത്രി)**

എ) 'നിറവ്' പദ്ധതിയ്ക്കായി നാളിതുവരെ എത്ര രൂപ അനുവദിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ;

എ) നിറവ് പദ്ധതിയ്ക്കായി സംസ്ഥാന ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിരുന്നില്ല. അതിനാൽ നിറവ് മണ്ഡലങ്ങളിലെ കൃഷി വകുപ്പന്റെ പദ്ധതികൾ ആർ.കെ.വി.വൈ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കി. പദ്ധതികളുടെ നടത്തിപ്പിനായി 737.58 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. നിയോജക മണ്ഡലം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.

മൃഗസംരക്ഷണ വകുപ്പ് ആർ.കെ.വി.വൈ 2012-13 പദ്ധതിയിൽ ഉൾപ്പെടുത്തി നിറവ് പദ്ധതിയ്ക്കായി 303 ലക്ഷം രൂപ ചുവടെ പറയുന്ന പദ്ധതികൾക്ക് അനുവദിച്ചു.

1. കിടാരി വളർത്തൽ യൂണിറ്റ് (ഹീഫെർ റിയറിംഗ് യൂണിറ്റ്)- 136 ലക്ഷം രൂപ.
2. സ്കൂളുകൾ മുഖേനയുള്ള ആടു വളർത്തൽ പദ്ധതി (ഗോട്ട് ക്ലബ്ബ് ഇൻ സ്കൂൾ) - 30 ലക്ഷം രൂപ.
3. പിന്നാമ്പുറ കോഴി വികസന പദ്ധതി (ബാക്ക്യാർഡ് പൗൾട്രി പ്രൊഡക്ഷൻ ) - 24 ലക്ഷം രൂപ.
4. മലബാറിയിനത്തിൽപ്പെട്ട ആടുകളുടെ പുനരുജ്ജീവനം (പ്രൊപ്പോഗേഷൻ ഓഫ് മലബാറി ഗോട്ട്സ്)- 98 ലക്ഷം രൂപ.
5. പന്നി വളർത്തൽ പദ്ധതി - 15 ലക്ഷം രൂപ.

ബി) 'നിറവ്' പദ്ധതിയുടെ നടത്തിപ്പിനായിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അന്തിമരൂപം നൽകിയിട്ടുണ്ടോ: ഉണ്ടെങ്കിൽ വിശദാംശം നൽകുമോ:

ബി) നൽകിയിട്ടുണ്ട്. പ്രദേശത്തിന്റെയും മണ്ണിന്റെയും പ്രത്യേകതകൾക്കനുസൃതമായി കൃഷി വ്യാപിപ്പിക്കുന്നതിനും. വിളകളുടെ വിസ്തൃതി കൂട്ടുന്നതിനും. വിപണന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും. ജൈവ കൃഷി വ്യാപിപ്പിക്കുന്നതിനും മൂല്യ വർദ്ധനവിലൂടെയും ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടെയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും. അനുബന്ധമേഖലകളായ കാലിവളർത്തൽ. കോഴി വളർത്തൽ. മത്സ്യകൃഷി. കൂൺ കൃഷി. തേനീച്ച വളർത്തൽ എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിത്ത് മുതൽ വിപണി വരെയുള്ള ഒരു സമഗ്ര കാർഷിക വികസന പദ്ധതിയാണ് നിറവ്. നിറവ് പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ബഹു.കൃഷി മന്ത്രി ചെയർമാനായ സംസ്ഥാനതല കമ്മിറ്റിയും, എം.എൽ.എ ചെയർമാനായ നിയോജക മണ്ഡലം കമ്മിറ്റിയും പഞ്ചായത്ത് പ്രസിഡന്റ് /മുനിസിപ്പാലിറ്റി ചെയർമാൻ. ചെയർമാനായ ഇംപ്ലിമെന്റിംഗ് കമ്മിറ്റി എന്നിവ രൂപീകരിച്ചിട്ടുണ്ട്.

സി) ഇത് സംബന്ധിച്ച് ഓരോ ജില്ലയിലും നോഡൽ ഓഫീസറെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

സി) നിറവ് പദ്ധതിയുടെ നടത്തിപ്പിനായി പ്രത്യേക നോഡൽ ഓഫീസറെ നിയമിച്ചിട്ടില്ല. എന്നാൽ ജില്ലകളിലെ ഒരു കൃഷി ഡെപ്യൂട്ടി ഡയറക്ടറെ ഈ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രിൻസിപ്പൽ കൃഷി ഓഫീസർ നിയോഗിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം

## NIRAVU 2012-13
## Department of Agriculture

(Rs in lakhs)

| Sl. No | Name of scheme | Amount sanctioned | Amount allotted |
|---|---|---|---|
| 1 | Chengannur | 82.5 | 82.5 |
| 2 | Thodupuzha | 52.4 | 52.4 |
| 3 | Pala | 62 | 62 |
| 4 | North Paravur | 62.4 | 62.4 |
| 5 | Kodungallur | 4.8 | 4.8 |
| 6 | Kottackal | 71.36 | 71.36 |
| 7 | Balusserry | 97.85 | 97.85 |
| 8 | Perambra | 88.57 | 88.57 |
| 9 | Nadapuram | 131.25 | 131.25 |
| 10 | Kalpetta | 59.35 | 59.35 |
| 11 | Kootuparamba | 25.1 | 25.1 |
| | **TOTAL (NIRAVU)** | **737.58** | **737.58** |

Snehamo

സെക്ഷൻ ഓഫീസർ